# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T1376 | | 06.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **ഹരിത കേരള മിഷൻ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | ഹരിതകേരള മിഷന്റെ ഭാഗമായി പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ; പ്രവൃത്തികളുടെ തുകയും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുമോ; | (എ)<br>&<br>(ബി) | ഹരിതകേരളം മിഷന്റെ ഭാഗമായി പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇതോടൊപ്പം പെരിന്തൽമണ്ണ നഗരസഭയിൽ ഹരിതകേരളം മിഷന്റെ ഭാഗമായി ഉറവിടത്തിൽനിന്നും മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനായി 'ജീവനം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കൃഷി സംരക്ഷണത്തിന്റെ ഭാഗമായി പെരിന്തൽമണ്ണ നഗരസഭ മുൻകൈ എടുത്ത് 2017-18 വർഷത്തിൽ 100 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കുകയും 2018-19 വർഷത്തിൽ 120 ഹെക്ടർ സ്ഥലത്തേയ്ക്ക് നെൽ കൃഷി വ്യാപിപ്പിക്കുന്നതിനു വിഭാവനം ചെയ്തിട്ടുമുണ്ട്. |
| (ബി) | ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതി ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ആയതു പ്രകാരം 19 കുളങ്ങളും 9500 മീറ്റർ തോടുകളും 12200 മീറ്റർ ജലസേചന കനാലുകളും വൃത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഹരിതകേരളം മിഷന്റെ ഭാഗമായി പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | ഹരിത കേരള മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് | പ്രവൃത്തിയുടെ തുക | ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി | വിശദാംശങ്ങൾ | കുളങ്ങൾ തോടുകൾ കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടോ | വിശദാംശങ്ങൾ |
|---|---|---|---|---|---|---|---|
| 1 | ആലിപ്പറമ്പ് | മാലിന്യ സംസ്കരണ പദ്ധതി | 1678170 | പ്രോജക്ട് അപ്രൂവൽ ലഭിച്ചു | പഞ്ചായത്ത് പരിധിയിലെ വീടുകളിൽ നിന്നും ഏജൻസി വഴി അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണത്തിനായി ബ്ലോക്ക് തല ഷ്രഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് മാറ്റുന്നു. | ഉണ്ട്. | എംജിഎൻആർഇജിഎസ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നു. |
| 2 | ഏലംകുളം | ക്ലീൻ ഏലംകുളം, കിണർ റീച്ചാർജ്ജിങ്ങ്, പൈപ്പ് കംപോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് | 1826203 | പ്രോജക്ട് അപ്രൂവൽ ലഭിച്ചു, പൈപ്പ് കംപോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. | വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് പ്ലാസ്റ്റിക് ബിൻ, ചാക്കുകൾ എന്നിവ നൽകൽ പഞ്ചായത്തത് പരിധിയിലെ വീടുകളിൽ നിന്നും ഏജൻസി വഴി അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണത്തിനായി ബ്ലോക്ക് തല ഷ്രഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് മാറ്റുന്നു. | ഉണ്ട്. | എംജിഎൻആർഇജിഎസ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നു |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | പുലമന്തോൾ | കുളം, തോട് എന്നിവയുടെ നവീകരണം വൃക്ഷ തൈ നട്ടുപിടിപ്പിക്കൽ, നഴ്സറി നിർമ്മാണം | 3430641 | പ്രോജക്റ്റ് അപ്രൂവൽ ലഭിച്ചു | കുളം, തോട് എന്നിവയുടെ മാലിന്യങ്ങൾ നീക്കം ചെയ്യുത് ആഴം കൂട്ടുന്നു. | ഉണ്ട് | എംജിഎൻആർഇ ജിഎസ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നു |
| 4 | താഴേക്കോട് | 1538029 രൂപ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതിക്ക് വകയിരിത്തിയിട്ടുണ്ട്, ഹരിത കർമ്മസേന രൂപികരിച്ചിട്ടുണ്ട് | 1538029 | പ്രോജക്റ്റ് അപ്രൂവൽ ലഭിച്ചു | പഞ്ചായത്ത് പരിധിയിലെ വീടുകളിൽ നിന്നും ഏജൻസി വഴി അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണത്തിനായി ബ്ലോക്ക് തല ഷ്രഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് മാറ്റുന്നു. | ഉണ്ട് | എംജിഎൻആർഇ ജിഎസ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നു |
| 5 | വെട്ടത്തൂർ | മാലിന്യ സംസ്കരണം | 261600 | പ്രോജക്റ്റ് അപ്രൂവൽ ലഭിച്ചു | മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണത്തിനായി ബ്ലോക്ക് തല ഷ്രഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് മാറ്റുന്നു. | ഉണ്ട് | എംജിഎൻആർഇ ജിഎസ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നു |
| 6 | മേലാറ്റൂർ | ഖരമാലിന്യ മുക്തമാക്കൽ | 350000 | പ്രോജക്റ്റ് അപ്രൂവൽ ലഭിച്ചു | മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണത്തിനായി ബ്ലോക്ക് തല ഷ്രഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് മാറ്റുന്നു. | ഉണ്ട് | എംജിഎൻആർഇ ജിഎസ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നു |

സെക്ഷൻ ഓഫീസർ